# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 68 Issue No. 12 December 2025 Rs. 15/-


MAJOR ARCHEPARCHY OF ERNAKULAM-ANGAMALY







കൊച്ചി രൂപതയുടെ മെത്രാനായി നിയമിതനായിരിക്കുന്ന

**ആന്റണി കാട്ടിപ്പറമ്പിൽ പിതാവിന്**

എറണാകുളം – അങ്കമാലി അതിരൂപതയുടെ

*പ്രാർത്ഥനാശംസകൾ...*

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 68 Issue No. 12 December 2025 Rs. 15/-

## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. സർക്കുലർ: 5/2025 - ക്രിസ്മസ്
8. സക്കുലർ - മരിയഭക്തിക്കൊരു മാർഗരേഖ
11. കച്ചേരിക്കാര്യം
    - വൈദികരുടെ തുടർപരിശീലനം
    - പൗരോഹിത്യസ്വീകരണം
    - ദേവാലയശുശ്രൂഷികളുടെ ധ്യാനം
14. വൊക്കേഷൻ പ്രൊമോഷൻ
15. നിര്യാതരായി
18. വാർത്തകളും വിശേഷങ്ങളും
20. വിശ്വാസപരിശീലന കേന്ദ്രം
22. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
23. അതിരൂപത മദ്യവിരുദ്ധസമിതി
23. ബൈബിൾ അപ്പോസ്റ്റലേറ്റ്
24. നൈപുണ്യ ഇന്റർനാഷണൽ
25. ഫാമിലി അപ്പോസ്റ്റലേറ്റ്
27. അതിരൂപതാ ഡയറി
29. AICO
31. വിഷയസൂചിക 2025


**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Vattakattussery Valia Joseph, Kavil | 1893 | | 3-12-1933 |
| Fr. Palatty Hormis, Karukutty | 1883 | 1910 | 3-12-1967 |
| Fr. Kariyil John, Chalil | 1906 | 1934 | 4-12-1984 |
| Fr. Thaliath Carlos TOCD, Puthenpally | 1852 | 1877 | 6-12-1907 |
| Fr. Vattakattussery Joseph, Kavil | 1892 | 1922 | 6-12-1972 |
| Fr. Manavalan Joseph, Kadamakudy | 1907 | 1939 | 8-12-1997 |
| Mar Louis Pazheparambil, Pulinkunnu | 1847 | 1870 | 9-12-1919 |
| Fr. Mattam Thomas, Kizhakkummury | 1945 | 1971 | 9-12-2007 |
| Fr. Vithayathil Joseph, Kuthiathodu | 1899 | 1929 | 11-12-1987 |
| Fr. Puthussery Mathai, Edad | 1862 | 1891 | 12-12-1939 |
| Msgr. Kandathil Joseph, Kudavechoor | 1904 | 1933 | 12-12-1991 |
| Fr. Vattoly Ittoop, Kadukutty | 1886 | 1916 | 13-12-1937 |
| Fr. Thekkanath Devassy, Aluva | 1858 | | 14-12-1929 |
| Fr. Menomparambil Jacob, Thycattussery | 1902 | 1933 | 14-12-1942 |
| Fr. Mannara George, Thycattussery | 1891 | 1929 | 15-12-1957 |
| Fr. Kanat Philip, Konthuruthy | 1899 | 1929 | 15-12-1968 |
| Fr. Thottankara Mathai, Muttom | 1896 | 1923 | 18-12-1937 |
| Fr. Panjikaren Joseph, Muttom | 1903 | 1933 | 19-12-1977 |
| Fr. Muthampuzha Paul, Udayanapuram | 1919 | 1950 | 20-12-1993 |
| Fr. Mulavarikkal Joseph, Chowara | 1917 | 1947 | 20-12-2010 |
| Fr. Chully Rockey, Ayathupady | 1950 | 1977 | 24-12-2010 |
| Fr. Kurisumkal John, Kandanad | 1887 | 1906 | 26-12-1961 |
| Fr. Kattikaran Joseph, Ernakulam | 1867 | 1895 | 29-12-1929 |
| Fr. Puthussery Joseph, Edad | 1908 | 1934 | 31-12-1947 |
| Fr. Valookaran Varghese, Edakunnu | 1940 | 1966 | 31-12-2008 |
| Fr. Jacob Vithayathil, Muringoor | 1932 | 1957 | 31-12-2018 |

Prot. No.: 05/2025

# സർക്കുലർ

*(25 നോമ്പാചരണത്തോടനുബന്ധിച്ച് അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി പിതാവ് നൽകുന്ന സന്ദേശം.)*

'ഭയപ്പെടേണ്ട ഇതാ സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു.' (ലൂക്കാ 2,10) എന്ന തിരുവചനം ക്രിസ്മസിന്റെ സന്ദേശം നമുക്ക് നല്കുന്നുണ്ട്. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ തിരുപ്പിറവിക്ക് ഒരുക്കമായുള്ള മംഗളവാർത്താക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. 'കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവൽ എന്നവൻ വിളിക്കപ്പെടും' (ഏശയ്യ 7,11). ഈശോയുടെ ജനനത്തിന് എഴുന്നൂറ് വർഷങ്ങൾക്കുമുമ്പ് ഏശയ്യ പ്രവാചകൻ നടത്തിയ ഈ പ്രവചനം ഈശോയുടെ ജനനത്തിലൂടെ പൂർത്തീകരിക്കപ്പെട്ടു. ദൈവം കൂടെയുണ്ടെന്ന ബോധ്യം നമ്മെ നിർഭയരാക്കും. ഏതു പ്രതിസന്ധികളിലും ദൈവം കൂടെയുണ്ടെന്ന ഉറപ്പിൽ കൂടുതൽ ആത്മവിശ്വാസത്തോടെ വിശ്വാസ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ നമ്മെ പ്രേരിപ്പിക്കുന്ന സമയമാണ് ക്രിസ്മസ് കാലം.

ക്രൈസ്തവ വിശ്വാസത്തിന്റെ മർമ്മപ്രധാനമായ ചരിത്ര സംഭവമാണ് ഈശോയുടെ മനുഷ്യാവതാരം. രക്ഷകന്റെ ജനനത്തിനുവേണ്ടിയുള്ള കാത്തിരിപ്പ് മനുഷ്യാവതാരത്തിനുള്ള ഒരുക്കമായിരുന്നു. 'പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും പിതാക്കന്മാരോട് സംസാരിച്ച ദൈവം അവസാന നാളുകളിൽ തന്റെ പുത്രൻ വഴി നമ്മോടു സംസാരിച്ചിരിക്കുന്നു' എന്നാണ് ഹെബ്രായ ലേഖകൻ (1,12) മനുഷ്യാവതാരത്തെക്കുറിച്ച് പറയുന്നത്. സർവ്വലോകത്തിനും പ്രകാശവും രക്ഷയുമായി ഈശോ ചരിത്രത്തിന്റെ നടുവിൽ നിലകൊള്ളുന്നുവെന്ന യാഥാർത്ഥ്യം നമുക്ക് ഓർമ്മിക്കാം. പിതാവിന്റെ സ്നേഹം ലോകത്തിനു വെളിപ്പെടുത്തിയ ഈശോയെ ഏകരക്ഷകനായി നാം ഏറ്റു പറയുന്നതിന്റെ അർത്ഥതലങ്ങൾ ആഴത്തിൽ ധ്യാനിക്കേണ്ട കാലമാണ് ക്രിസ്മസ്. 'പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽ നിന്ന് ജനിച്ചു' എന്ന ഭാഗം വിശ്വാസ പ്രമാണത്തിൽ ചൊല്ലുന്ന സമയത്ത് മുട്ടുകുത്തി ശിരസ്സുനമിച്ച് മനുഷ്യാവതാര രഹസ്യത്തെ അനുസ്മരിക്കുന്നരീതി വിശ്വാസികൾക്കിടയിലുണ്ടായിരുന്നു. മനുഷ്യന്റെ കണ്ണീർ തുടയ്ക്കുന്ന, നിരന്തരം അവന്റെ കൂടെ നടക്കുന്ന ഇമ്മാനുവൽ ആയ ദൈവത്തെ തിരിച്ചറിഞ്ഞുകൊണ്ട് ഈശോ

യാണ് ഏക രക്ഷകൻ എന്ന വിശ്വാസത്തിൽ ആഴപ്പെടാൻ നമുക്ക് ഈ ക്രിസ്മസ് കാലത്ത് പരിശ്രമിക്കാം.

ക്രിസ്മസിന്റെ ചൈതന്യം വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ജീവിത സാഹചര്യങ്ങളിലും നിറയുവാൻ നാം പ്രത്യേകം പരിശ്രമിക്കേണ്ട കാലംകൂടിയാണിത്. പരമ്പരാഗതമായി വീടുകളിൽ ഒരുക്കുന്ന പുൽക്കൂടും നക്ഷത്രങ്ങളും ദീപാലങ്കാരങ്ങളുമൊക്കെ ക്രിസ്മസ് കാലത്തിന്റെ അടയാളങ്ങളാണ്. കുടുംബാംഗങ്ങൾ ഒരുമിച്ച് ക്രിസ്മസിന്റെ ഒരുക്കങ്ങളിൽ ഏർപ്പെടുന്നത് ക്രൈസ്തവമായ പാരമ്പര്യങ്ങൾ വരും തലമുറകൾക്ക് കൈമാറുന്നതിന് സഹായകമാകും. പ്രതീക്ഷയുടെയും പ്രത്യാശയുടെയും നക്ഷത്രങ്ങൾ നമ്മുടെ വീടുകൾക്കുമുമ്പിൽ ഡിസംബറിന്റെ ആദ്യദിനങ്ങളിൽതന്നെ ഉയരട്ടെ. ദൈവാലയങ്ങളിൽ നടക്കുന്ന ക്രിസ്മസ് കരോൾ ഈശോയുടെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത അറിയിക്കുവാനുള്ള അവസരമാണ്. ജാതിമതഭേദമന്യേ എല്ലാ മനുഷ്യരോടും ക്രിസ്മസിന്റെ സന്തോഷം പങ്കുവയ്ക്കുംവിധം ക്രിസ്മസ്കാലത്ത് ഇടവകകളിൽ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്.

നമ്മുടെ ഹൃദയങ്ങളിൽ ഈശോ ജനിക്കാനുള്ള ആത്മീയ ഒരുക്കം നമുക്ക് നടത്തേണ്ട കാലമാണിത്. മത്സ്യമാംസാദികൾ പൂർണ്ണമായും വർജ്ജിച്ചുകൊണ്ട് തിരുപ്പിറവിക്കായി ഒരുങ്ങുന്ന പാരമ്പര്യമാണ് നമ്മുടെ സഭയിലുള്ളത്. സാധിക്കുന്നിടത്തോളം കുടുംബാംഗങ്ങൾ ഒരുമിച്ച് 25 ദിവസവും ദിവ്യബലിയിൽ പങ്കെടുക്കുന്നത് ക്രിസ്മസിന് ഏറ്റവും നല്ല തയ്യാറെടുപ്പായിരിക്കുമെന്ന് ഓർമ്മിപ്പിക്കട്ടെ. ഉണ്ണീശോയെ സ്വീകരിക്കുവാനുള്ള ഭക്താഭ്യാസങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുവാൻ മാതാപിതാക്കളും മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

കുടുംബങ്ങളെ തിരുക്കുടുംബമാക്കാൻ നമുക്ക് കൂടുതൽ പ്രചോദനം ലഭിക്കുന്ന സമയംകൂടിയാണ് ക്രിസ്മസ് കാലം. പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും സംരക്ഷണയിൽ സ്നേഹത്തിലും ജ്ഞാനത്തിലും വളർന്നുവന്ന ഉണ്ണീശോയെ അനുസ്മരിച്ച് നമ്മുടെ കുടുംബങ്ങളും പരസ്പരസ്നേഹത്തിലും വിശുദ്ധിയിലും വിജ്ഞാനത്തിലും വളർന്നുവരാൻ കൃപ ലഭിക്കുന്നതിനും പ്രത്യേകം പ്രാർത്ഥിക്കാം. ഡിസംബർ 28-ാം തീയതി ഞായറാഴ്ച തിരുക്കുടുംബത്തിന്റെ തിരുനാൾ ദിനമാണല്ലോ. നമ്മുടെ അതിരൂപതയുടെ കുടുംബപ്രേഷിത വിഭാഗം സ്ഥാപിതമായതിന്റെ സുവർണജൂബിലി വർഷത്തിലാണ് നാം. കഴിഞ്ഞ അമ്പതു വർഷങ്ങളായി കേരള സഭയ്ക്ക് ആകമാനം മാർഗദർശനം നൽകത്തക്കതരത്തിലുള്ള നിർണ്ണായകമായ ചുവടുവയ്പ്പുകൾ നടത്തിയ അതിരൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് വിഭാഗത്തെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

ദൈവവിളിയാൽ സമ്പന്നമാണ് നമ്മുടെ അതിരൂപത. നമ്മുടെ കുടുംബ ങ്ങളുടെ പ്രാർത്ഥനാ ചൈതന്യത്തിൽനിന്നും ഇടവകകളുടെയും ഭക്ത സംഘടനകളുടെയും ആത്മീയ ഉത്കർഷത്തിൽനിന്നും രൂപം പ്രാപിക്കു ന്നതാണ് നല്ല ദൈവവിളികൾ. ഈ വർഷം നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പതിമൂന്ന് ഡീക്കന്മാർ പൗരോഹിത്യം സ്വീകരിക്കുകയാണ്. ഈശോയുടെ പൗരോഹിത്യത്തിലേക്കു കടന്നുവരുന്ന പതിമൂന്ന് ഡീക്കന്മാരെയും അതോ ടൊപ്പം നമ്മുടെ അതിരൂപതയിൽനിന്നും വിവിധ രൂപതകൾക്കും സന്ന്യാസ സമൂഹങ്ങൾക്കുമായി തിരുപ്പട്ടം സ്വീകരിക്കുന്നവരെയും സമർപ്പിത ജീവിത ത്തിലേക്കു കടന്നുവരുന്നവരേയും പ്രാർത്ഥനാപൂർവം അനുസ്മരിക്കാം. സുവിശേഷവേലയ്ക്കായി തുടർന്നും ധാരാളം പേരെ ലഭിക്കുന്നതിന് നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും പ്രത്യേക പ്രാർത്ഥനകളും പ്രവർത്തന പരിപാടികളും ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

നമ്മുടെ അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗം അതിന്റെ പ്രവർത്തന ങ്ങളുടെ 60-ാം വർഷം ആഘോഷിക്കുന്ന ഈ വേളയിൽ അതിരൂപതാ സോഷ്യൽ സർവീസ് വിഭാഗത്തെയും പ്രത്യേകം അഭിനന്ദിക്കുന്നു. കാല ത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കി കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ അതിരൂപതാ സാമൂഹ്യസേവന വിഭാഗത്തിന് നേതൃത്വം നൽകുന്നവരേയും സഹകാരികളേയും നന്ദിപൂർവം അനുസ്മരിക്കുന്നു. സാമൂഹ്യസേവന വിഭാ ഗത്തിന്റെ വരുംനാളുകളിലെ പ്രവർത്തനങ്ങളിലൂടെ ചുറ്റുപാടുമുള്ള പാവപ്പെട്ടവരെ കൂടുതൽ പരിഗണിക്കുവാനും പങ്കുവയ്ക്കുവാനും നമുക്ക് കഴിയട്ടെ.

സ്നേഹത്തിന്റെയും ക്ഷമയുടെയും പാതയിൽ നടക്കുവാനും ഉണ്ണീശോയ്ക്കു വേണ്ടി നിർമ്മലമായ ഹൃദയം ഒരുക്കുവാനും ഈ ക്രിസ്മസ് നാളുകൾ നമ്മെ സഹായിക്കട്ടെ. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ നിങ്ങൾ എല്ലാവ രെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവദി ക്കുന്നു.

സ്നേഹപൂർവ്വം,

**✠ മാർ ജോസഫ് പാംപ്ലാനി**
എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള
മേജർ ആർച്ചുബിഷപ്പിന്റെ വികാരി

*(2025 നവംബർ 30-ാം തീയതി ഞായറാഴ്ചയോ അതിനടുത്ത ഞായറാഴ്ചയോ അതിരൂപതയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കുന്നതിനായി നൽകുന്നത്.)*

Prot. No. 0787/2025

സർക്കുലർ

# മരിയഭക്തിക്കൊരു മാർഗരേഖ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധപിതാവു ലെയോ പതിനാലാമൻ മാർപാപ്പയുടെ അംഗീകാരത്തോടെ റോമിലെ വിശ്വാസതിരുസംഘം പ്രസിദ്ധീകരിച്ച 'വിശ്വാസികളുടെ സമൂഹത്തിന്റെ മാതാവ്' (*Mater Populi fidelis*) എന്ന പ്രബോധനംവഴി പരിശുദ്ധ കന്യകാമറിയത്തെ സഹ രക്ഷക (*Co-redemptrix*) എന്നു വിശേഷിപ്പിക്കുന്നതു ദൈവശാസ്ത്രപരമായി ഉചിതമല്ല എന്നും 'കൃപാവരത്തിന്റെ മാതാവ്' എന്നും 'മധ്യസ്ഥ' എന്നുമുള്ള വിശേഷണങ്ങൾ വിവേകപൂർവം ഉപയോഗിക്കണം എന്നും പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. കത്തോലിക്കാസഭ മാതാവിനു നല്കിയിരുന്ന ബഹുമാനത്തിൽനിന്നു പിന്നോട്ടു പോവുകയാണെന്നും പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ അംഗീകരിക്കുകയാണെന്നുമുള്ള തെറ്റിദ്ധരിപ്പിക്കുന്ന ചർച്ചകളും വ്യാഖ്യാനങ്ങളും സാമൂഹികമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നതു നിങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ.

എന്നാൽ, പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള തിരുസഭയുടെ അടിസ്ഥാനപ്രബോധനങ്ങളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല എന്നു വ്യക്തമായി നാം മനസ്സിലാക്കേണ്ടതുണ്ട്. പരിശുദ്ധ അമ്മയെക്കുറിച്ചു നാലു വിശ്വാസസത്യങ്ങളാണ് തിരുസഭ ആധികാരികമായി പഠിപ്പിക്കുന്നത്. പരിശുദ്ധ കന്യകാമറിയം ദൈവമാതാവും നിത്യകന്യകയും അമലോത്ഭവയും സ്വർഗാരോപിതയുമാണ് എന്നതാണ് ആ വിശ്വാസസത്യങ്ങൾ. ഈ നാലു സത്യങ്ങളും മാറ്റമില്ലാതെ തിരുസഭ ഇന്നും പ്രഘോഷിക്കുന്നു. അതേസമയം, പരിശുദ്ധ കന്യകാമറിയത്തെ വിശേഷിപ്പിക്കാനുപയോഗിക്കുന്ന ചില പദങ്ങളിൽ കടന്നുകൂടിയിട്ടുള്ള ദൈവശാസ്ത്രപരമായ വ്യതിയാനങ്ങളെ തിരുത്താനാണ് പുതിയ പ്രബോധനരേഖ ലക്ഷ്യംവയ്ക്കുന്നത്. മനുഷ്യാവതാരംചെയ്ത ദൈവപുത്രനു ജന്മംകൊടുക്കുകവഴി ദൈവമാതാവായ പരിശുദ്ധ

കന്യകാമറിയം നമ്മുടെയും അമ്മയാണ്. മറിയത്തിന്റെ ആത്മീയ മാതൃത്വത്തോടു ചേർന്നുനില്ക്കാനുള്ള ആഹ്വാനമാണ് ഈ പ്രബോധനരേഖയുടെ ഹൃദയം.

അതോടൊപ്പംതന്നെ തെറ്റിദ്ധാരണയ്ക്ക് ഇടയാക്കാവുന്ന ചില വിശേഷണങ്ങളെ വിവേകപൂർവം ഒഴിവാക്കാനും ഈ പ്രബോധനരേഖ ആവശ്യപ്പെടുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 'സഹരക്ഷക' (*co-redemptrix*) എന്ന വിശേഷണം ഒഴിവാക്കാനുള്ള നിർദേശമാണ്. ഇതിനെ പുതിയൊരു നിർദേശമായി വ്യാഖ്യാനിക്കുന്നതു ശരിയല്ല. തിരുസഭ ഒരിക്കലും പരിശുദ്ധ കന്യകാമറിയം സഹരക്ഷകയാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുകയോ പഠിപ്പിക്കുകയോ ചെയ്തിട്ടില്ല. മറിയത്തോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കാൻ ചില മരിയഭക്തർ പരിശുദ്ധ അമ്മയെ സഹരക്ഷക എന്നു വിശേഷിപ്പിച്ചിരുന്നു എന്നതു വസ്തുതയാണ്. എന്നാൽ ഈ വിശേഷണം ദൈവശാസ്ത്രപരമായി ചില തെറ്റിദ്ധാരണകൾക്കു കാരണമാകും എന്നതു ചൂണ്ടിക്കാണിക്കുകയാണ് പുതിയ പ്രബോധനരേഖ ചെയ്യുന്നത്. 'മറിയം സഹരക്ഷകയാണ്' എന്നു പറയുമ്പോൾ മിശിഹായുടെ രക്ഷാകർമം അതിൽത്തന്നെ അപൂർണമാണെന്നും മറിയത്തിന്റെ സഹായം കൂടാതെ അതു സാധ്യമാവുകയില്ലായിരുന്നു എന്നും തെറ്റിദ്ധരിക്കാനുള്ള സാധ്യതയുണ്ട്. അല്ലെങ്കിൽ ഈശോയും മറിയവും ചേർന്നാണു മനുഷ്യരക്ഷ സാധ്യമാക്കിയത് എന്നു ചിന്തിക്കാനും ഇടയായേക്കാം. മനുഷ്യകുലത്തിന്റെ രക്ഷയിൽ ഈശോ വഹിച്ച അതുല്യമായ സ്ഥാനത്തിന്റെ മഹത്വത്തിനു ഭംഗം വരുത്താൻ ഇത്തരം തെറ്റിദ്ധാരണകൾ ഇടവരുത്തിയേക്കാമെന്നുള്ളതുകൊണ്ടാണ് ഈ പരാമർശം ഒഴിവാക്കണമെന്നു പ്രബോധനരേഖ നിർദേശിക്കുന്നത്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ മറിയം വഹിച്ച നിർണായകമായ പങ്കിനെ പുതിയ പ്രബോധനരേഖ യാതൊരുവിധത്തിലും നിഷേധിക്കുന്നില്ല. മറിയം ദൈവഹിതത്തിനു തന്നെത്തന്നെ വിട്ടുകൊടുക്കുകയും ഈശോയുടെ അമ്മയാകാൻ സഹനപൂർവം സന്നദ്ധയാവുകയുംചെയ്തു. മറിയം 'ദൈവികപദ്ധതിയോടു സഹകരിച്ചു' എന്നതും 'സഹരക്ഷകയാണ്' എന്നതും തമ്മിൽ വ്യത്യാസമുണ്ട്. വിശ്വാസംകൊണ്ടും അനുസരണംകൊണ്ടും സ്വാതന്ത്ര്യത്തോടെ ദൈവത്തിന്റെ രക്ഷാകർമത്തിൽ സഹകാരിണിയായി എന്നതാണു പരിശുദ്ധ അമ്മയുടെ മഹത്വം.

അതുപോലെതന്നെ, മറിയത്തെ 'കൃപാവരത്തിന്റെ അമ്മ' എന്നു വിശേഷിപ്പിക്കുമ്പോൾ എല്ലാ കൃപകളും മറിയത്തിൽനിന്നാണ് ഉത്ഭവിക്കുന്നത് എന്നൊരു ധ്വനി അതിനുണ്ടാകാം എന്ന വസ്തുതയും പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നുണ്ട്. 'സകല കൃപകളുടെയും മധ്യസ്ഥ' എന്ന പ്രയോഗവും പരിമിതികളുള്ളതാണ്. സകല കൃപകളുടെയും ഉറവിടം ദൈവം മാത്രമാണ്.

ഏകജാതനായ മിശിഹാ എല്ലാ കൃപകളും വർഷിക്കുന്നത് അവിടന്നു സ്ഥാപിച്ച തിരുസഭയിലെ പരിശുദ്ധ കൂദാശകളിലൂടെയാണ്. ഈ വിശ്വാസ രഹസ്യത്തിന്റെ സമഗ്രതയെ പരിരക്ഷിക്കാൻ 'കൃപാവരത്തിന്റെ അമ്മ' എന്ന പ്രയോഗം ഒഴിവാക്കുന്നതാണ് അഭിലഷണീയമെന്നു പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നു.

വലിയ വിവേകവും ശ്രദ്ധയും ആവശ്യമുള്ള ഒരു പ്രയോഗമാണ് 'മധ്യസ്ഥയായ മാതാവ്' എന്നത്. പരിശുദ്ധ മറിയം നമുക്കായി ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കുന്നു എന്നതിൽ സംശയമില്ല. നമുക്കുവേണ്ടി മാധ്യസ്ഥ്യം അപേക്ഷിക്കാൻ മാതാവിനു കഴിയും എന്നു പറയുന്നതും 'അവൾ മധ്യസ്ഥയാണ്' എന്നു വിശേഷിപ്പിക്കുന്നതും തമ്മിലുള്ള ദൈവശാസ്ത്രപരമായ വ്യത്യാസത്തെയാണ് പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നത്. ദൈവത്തിനും മനുഷ്യനും ഇടയിൽ ഏകമധ്യസ്ഥനായി ഈശോമിശിഹാ മാത്രമാണുള്ളത്. മിശിഹായുടെ ഏക മാധ്യസ്ഥ്യത്തിനു സമാനമായി മാതാവിന്റെ മാധ്യസ്ഥ്യാപേക്ഷയെ അവതരിപ്പിക്കരുത് എന്നതാണ് തിരുസഭയുടെ ബോധ്യം. ഈശോമിശിഹാ 'ഏക മധ്യസ്ഥൻ' ആയിരിക്കുന്നത് അവിടന്ന് ഒരേസമയം പൂർണ ദൈവവും പൂർണ മനുഷ്യനുമാണ് എന്നതുകൊണ്ടാണ്. ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യസ്ഥ്യത പുലർത്തുന്ന മറ്റാരുമില്ല എന്നതാണ് 'മിശിഹാ ഏക മധ്യസ്ഥൻ' എന്നതിന്റെ അർഥം. ഈ വ്യത്യാസത്തെ വ്യക്തമായി അവതരിപ്പിക്കാതെ, 'മധ്യസ്ഥ' എന്നു മറിയത്തെ വിളിക്കുന്നതു തെറ്റിദ്ധാരണകൾക്ക് ഇടവരുത്തും. ചുരുക്കത്തിൽ ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഈശോമിശിഹായുടെ അതുല്യമായ അനന്യശ്രേഷ്ഠതയെ (uniqueness) ഊന്നിപ്പറയുകയാണ് ഈ പ്രബോധനരേഖയുടെ ലക്ഷ്യം. പരിശുദ്ധ മറിയത്തോടുള്ള തിരുസഭയുടെ പരമ്പരാഗതഭക്തിയെ പരിപോഷിപ്പിക്കുന്നതും ശരിയായ ദിശാബോധം നല്കുന്നതുമാണു പുതിയ പ്രബോധനരേഖ.

പരിശുദ്ധ കന്യകാമറിയം തിരുസഭയിൽ ഉന്നതമായ വണക്കത്തിനു (hyperdulia) യോഗ്യയാണ്. കുരിശിന്റെ ചുവടുവരെ ഈശോയെ അനുഗമിക്കാൻതക്ക വിശ്വാസബോധ്യവും ആത്മധൈര്യവും മറിയത്തിനുണ്ടായിരുന്നു. തന്റെ മരണത്തിനു മുൻപു കുരിശിൽവച്ച് ഈശോ വിശ്വാസികൾക്കെല്ലാം അമ്മയായി പരിശുദ്ധ മറിയത്തെ നല്കിയതാണ് (യോഹ. 19:27). തിരുസഭയുടെ മാതാവും പ്രതീകവുമാകയാൽ പരിശുദ്ധ മറിയത്തിന്റെ ജീവിതം സഭയ്ക്കു മാതൃകയും പ്രചോദനവുമാണ്. ആത്മശരീരങ്ങളോടെ പരിശുദ്ധ കന്യകാമറിയം സ്വർഗത്തിലേക്കു സ്വീകരിക്കപ്പെട്ടെങ്കിൽ മറിയത്തെ അനുകരിക്കുന്ന സഭമുഴുവനും അതേ സ്വർഗപ്രവേശനത്തിന് അർഹമാണ്. പരിശുദ്ധ അമ്മയോടുള്ള ഭക്തി പ്രകടമാക്കുന്ന ജപമാലയും നൊവേനകളും ഉത്തരീയഭക്തിയും കത്തോലിക്കാസഭയിൽ യാതൊരു മാറ്റവുമില്ലാതെ തുടരുന്നതാണ്. രക്ഷാകരപദ്ധതിയിൽ ഈശോയും മറിയവും വഹിച്ച പങ്കിനെ

നിയതമായി നിർവചിക്കുന്ന ഈ പ്രബോധനരേഖയെ ദുർവ്യാഖ്യാനം ചെയ്യുന്നവരുടെ നിക്ഷിപ്ത താത്പര്യങ്ങൾക്കും തെറ്റായ പഠനങ്ങൾക്കുമെതിരേ നമ്മൾ അതീവ ജാഗ്രത പാലിക്കണമെന്നും ഓർമിപ്പിക്കട്ടെ.

പരിശുദ്ധ അമ്മയുടെ പ്രാർഥനവഴിയായി നിങ്ങളെല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് നവംബർ മാസം 8-ാം തീയതി നല്കപ്പെട്ടത്.

**✠ മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

*(2025 നവംബർ 9-ാം തീയതി ഞായറാഴ്ചയോ അതിനടുത്ത ഞായറാഴ്ചയോ സീറോമലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കുന്നതിനായി മേജർ ആർച്ചുബിഷപ് നൽകിയ സർക്കുലർ.)*

---

# കച്ചേരിക്കാര്യം

## 1) അഭിവന്ദ്യ മാർ ലൂയീസ് പഴേപറമ്പിൽ പിതാവിന്റെ ചരമവാർഷികം



അഭിവന്ദ്യ മാർ ലൂയീസ് പഴേപറമ്പിൽ പിതാവിന്റെ ചരമവാർഷിക ദിനമായ ഡിസംബർ 9-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ പിതാവിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 2) വൈദികർക്ക് വേണ്ടിയുള്ള തുടർപരിശീലനം

വൈദികർക്ക് വേണ്ടിയുള്ള തുടർപരിശീലനം *'Florentia'* **മൂന്നാം ബാച്ച്, 2025 ഡിസംബർ 10–11 (ബുധൻ, വ്യാഴം) തീയതികളിൽ കാലടി ജീവാലയ ഫാമിലി പാർക്കിൽ** നടത്തപ്പെടുന്നു. ആദ്യ ദിവസം രാവിലെ 9.30–ന് ആരംഭിച്ച് പിറ്റേന്ന് വൈകിട്ട് 5.00 മണിക്ക് പരിപാടി അവസാനിക്കും.

1. Cheerakathil Thomas (Sinto)
2. Chethimattam Abraham (Ginu)
3. Chirackal Manavalan Joseph (Jiril)
4. Chirackal Xavier (Abin)
5. Enchakattumannil Mathew (Jessab)
6. Kachirackal Mathew (Martin)
7. Kalapurackal Joseph (Abin)
8. Kannambilly Joseph (Sanjo)
9. Kannattu John (Jibin)
10. Kavalippadan Varkey (Jithin)
11. Koovely Varghese (Sujith)
12. Kunnel Joseph (Vinu)
13. Kurickavelichira Antony (Jithu)
14. Madathil Joseph (Christy)
15. Madavanakad Joseph (Jomon)
16. Maippan Thomas (Ancil)
17. Maliyekkal Antony (Tony)
18. Manayampilly Sebastian (Sibin)
19. Manickathan Joseph (Tony)
20. Manickathan Xavier (Dino)
21. Mekkanthuruthil Alex
22. Mulavarickal Varghese (Bibin)
23. Naduvathusery Antony
24. Odanattu Raphael (Amal)
25. Padinjarepallattil Joseph
26. Palamoottil George (Pradeesh)
27. Pallipatt Joseph (Jinu)
28. Pallippattu Joseph (Jith)
29. Panavelil James
30. Parecattil Varghese (Albin)
31. Puthussery Varghese (Able)
32. Thekkinedath Joseph (Petson)
33. Thelekatt George (Aneesh)
34. Thettayil George (Charles)
35. Thyparambil Antony (John)
36. Varikkattupadam Mathew (Vinil)
37. Vattakkara James (Jomish)
38. Vazhappilly Thomas (Robin)
39. Vellattuparambil Varghese (Praveen)

## 3) പൗരോഹിത്യ സ്വീകരണം

**1) ഡീക്കൻ മനു ആക്കനത്ത്, നെടുങ്ങാട്**
**2) ഡീക്കൻ ജിബിൻ കദളിക്കാട്ട്, തലയോലപ്പറമ്പ്**
**3) ഡീക്കൻ ജോൺ കാഞ്ഞിരത്തിങ്കൽ, കാഞ്ഞൂർ**
**4) ഡീക്കൻ വിൽ മാത്യു കുരീക്കൽ, ചുണങ്ങംവേലി**
**5) ഡീക്കൻ വിൻ തോമസ് കുരീക്കൽ, ചുണങ്ങംവേലി**
**6) ഡീക്കൻ ജാക്സൺ മാടശ്ശേരി, മൂക്കന്നൂർ**
**7) ഡീക്കൻ ജോഫിൻ മാടശ്ശേരി, താബോർ**
**8) ഡീക്കൻ അലൻ മഴുവഞ്ചേരി, തുരുത്തിപ്പുറം**
**9) ഡീക്കൻ ആഷ്ബിൻ മേലേടത്ത്, കൊരട്ടി**

10) **ഡീക്കൻ അമൽ ഒളാട്ട്, ഇടപ്പള്ളി**
11) **ഡീക്കൻ ആന്റണി പള്ളിപ്പാട്ട്, അങ്കമാലി**
12) **ഡീക്കൻ അജയ് പാനികുളങ്ങര, പുത്തൻപള്ളി**
13) **ഡീക്കൻ ഡെന്നിസ് പുതുവ, കുറ്റിപ്പുഴ**

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി 2025 ഡിസംബർ 27-ാം തീയതി, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പൗരോഹിത്യ സ്വീകരണം നടത്തുന്ന ഡീക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## 4) ദേവാലയ ശുശ്രൂഷികൾക്കുള്ള ധ്യാനം 2025

നമ്മുടെ അതിരൂപതയിലെ ദേവാലയ ശുശ്രൂഷികൾക്കുള്ള ഈ വർഷത്തെ ധ്യാനം രണ്ടു ബാച്ചുകളിലായി **ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ (സ്നേഹശുശ്രൂഷാലയം)** നടത്തപ്പെടുന്നു.

**ആദ്യബാച്ച്:** **ഡിസംബർ 10-ാം തീയതി ബുധനാഴ്ച** രാവിലെ 10.00 മണിക്ക് ആരംഭിച്ച് 12-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിക്കും.

**ഫൊറോനകൾ:** കൊരട്ടി, കറുകുറ്റി, മൂഴിക്കുളം, വല്ലം, ഇടപ്പള്ളി, ചേർത്തല, തൃപ്പൂണിത്തുറ, പള്ളിപ്പുറം

**രണ്ടാം ബാച്ച്:** **ഡിസംബർ 16-ാം തീയതി ചൊവ്വാഴ്ച** രാവിലെ 10.00 മണിക്ക് ആരംഭിച്ച് 18-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിക്കും.

**ഫൊറോനകൾ:** മൂക്കന്നൂർ, അങ്കമാലി, മഞ്ഞപ്ര, കാഞ്ഞൂർ, കിഴക്കമ്പലം, പറവൂർ, എറണാകുളം, വൈക്കം,

ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം ദേവാലയ ശുശ്രൂഷികളെ അറിയിക്കുകയും അവരെ ധ്യാനത്തിനായി പറഞ്ഞയയ്ക്കുകയും ചെയ്യുമല്ലോ.

## 5) ഡയറി 2026

അതിരൂപതയിൽനിന്നും വൈദികർക്കു നൽകാറുള്ള **ഡയറി** തയ്യാറാക്കി ഫൊറോനകളിൽ എത്തിച്ചിട്ടുണ്ട്. അച്ചന്മാർ അതാതു ഫൊറോനകളിൽനിന്ന് കൈപ്പറ്റുമല്ലോ.

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# വൊക്കേഷൻ പ്രമോഷൻ

**ഏകദിന ദൈവവിളിക്യാമ്പ് – ഡിസംബർ 30 ചൊവ്വാഴ്ച**

വൈദികരാകാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കുവേണ്ടി ഒരു ഏകദിന ദൈവവിളി ക്യാമ്പ് **ഡിസംബർ 30 ചൊവ്വാഴ്ച തൃക്കാക്കര തിരുഹൃദയ മൈനർ സെമിനാരിയിൽ** നടത്തപ്പെടുന്നു.

രാവിലെ 10.00 മുതൽ വൈകിട്ട് 4.00 മണി വരെയാണ് ക്യാമ്പ്. വൈദികരാകാൻ താല്പര്യമുള്ള 10, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ ക്യാമ്പിൽ പറഞ്ഞു വിടാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമോൻ മാടവനക്കാട്ട്**
**വൊക്കേഷൻ പ്രൊമോട്ടർ**

---

# *New Office-Bearers*

## UNITAS SYRO-MALABAR SECULAR INSTITUTE

| | | |
|---|---|---|
| President General | - | Sr. Deepa Thoompil USMS |
| Vice President | - | Sr. Shaicy Francis USMS |
| Councillors | - | Sr. Vineetha USMS |
| | | Sr. Meena Paul USMS |
| | | Sr. Jeane Pereira USMS |
| | | Sr. Archana Jose USMS |
| | | Sr. Treesa Vineetha USMS |

***Congratulations and Prayerful Wishes to the New Office-Bearers***

---

## എറണാകുളം മിസ്സം – വരിസംഖ്യ

**2026–ലെ എറണാകുളം മിസ്സം ആവശ്യമുള്ളവർ** 2025 ഡിസംബർ 15–നു മുമ്പായി **വരിസംഖ്യ 150.00 രൂപ** അടച്ച് കോപ്പികൾ ബുക്ക് ചെയ്യാവുന്നതാണ്. **www.ernakulamarchdiocese.org**

# നിര്യാതരായി



## ഫാ. തോമസ് പുതുശ്ശേരി

**ജനനം: 13/06/1942**
**തിരുപ്പട്ടം: 16/12/1967**
**മരണം: 09/11/2025**

ബഹുമാനപ്പെട്ട തോമസ് പുതുശ്ശേരി അച്ചൻ 1942 ജൂൺ 13-ാം തീയതി കൊച്ചാൽ (വള്ളുവള്ളി) പരേതനായ ആഗസ്തി-എലീശ്വാ ദമ്പതികളുടെ ഏഴ് മക്കളിൽ ഒരാളായി ജനിച്ചു. ജോസഫ്, ഫാ. സക്കറിയാസ് സി.എം.ഐ, ആൻറണി, ഫാ. വർഗീസ്, ഫ്രാൻസിസ്, റോസി എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അതിരൂപത മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് കാർമൽഗിരി സെമിനാരിയിൽ തത്വശാസ്ത്രവും മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്രവും പഠിച്ച് വൈദിക പരിശീലനം പൂർത്തിയാക്കി. 1967 ഡിസംബർ 16-ന് കർദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

അതിരൂപതയിലെ തൃപ്പൂണിത്തുറ, മേലൂർ എന്നീ പള്ളികളിൽ സഹവികാരിയായും, വെസ്റ്റ് ചേരാനല്ലൂർ, പുതിയകാവ്, കീച്ചേരി, നടേൽ, കാക്കനാട്, ചുണങ്ങംവേലി, മറ്റൂർ, വേങ്ങൂർ, ആയത്തുപടി, മേലൂർ, കാഞ്ഞൂർ, ആലങ്ങാട്, കൊങ്ങോർപ്പിള്ളി എന്നിവിടങ്ങളിൽ വികാരിയായും വൈക്കം വെൽഫെയർ സെന്ററിന്റെ ഡയറക്ടർ ആയും മാർ ലൂയിസ് പ്രസ്സിന്റെ അസിസ്റ്റൻറ് മാനേജർ ആയും മാനേജറായും, PDDP വൈസ് ചെയർമാൻ ആയും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. എടക്കുന്ന് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്ന അച്ചൻ കുറച്ചു ദിവസങ്ങളായി ലിസി ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്നു. 2025 നവംബർ 9-ാം തീയതി അച്ചൻ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു.

അച്ചന്റെ മൃതദേഹം 10-ാം തീയതി രാവിലെ 7.30 മുതൽ 8.00 മണിവരെ എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ് ഹോമിൽ പൊതുദർശനത്തിന് വച്ചു.

മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗത്ത് പ്രീസ്റ്റ് ഹോം ഡയറക്ടർ ബഹുമാനപ്പെട്ട പോൾ ചെറുപിള്ളി അച്ചൻ കാർമികത്വം വഹിച്ചു. തുടർന്ന്, ഉച്ചക്ക് 12.30 വരെ പുതുശ്ശേരി കുടുംബവീടായ ലൂസി ഫ്രാൻസിസിന്റെ ഭവനത്തിൽ അച്ചന്റെ മൃതശരീരം പൊതുദർശനത്തിന് വച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്ത് സിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട ആന്റോ ചേരാംതുരുത്തി അച്ചനാണ് കാർമികത്വം വഹിച്ചത്. ഉച്ചകഴിഞ്ഞ് 2.30-ന് മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ആരംഭിച്ചു. പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട ജിമ്മി പൂച്ചക്കാട്ട് അച്ചൻ മുഖ്യകാർമികനായിരുന്നു. പറവൂർ ഫൊറോന പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട ജെയിംസ് പെരേപ്പാടൻ അച്ചനും മോൺ. ആന്റണി നരികുളം അച്ചനും, തോമസച്ചന്റെ കുടുംബാംഗമായ വർഗീസ് സി.എം.ഐ. അച്ചനും, ബഹു. മാർട്ടിൻ മുണ്ടാടൻ സി.എം.ഐ. അച്ചനും, സഹപാഠിയായ ബഹു. തോമസ് പൈനാടത്തച്ചനും, ബഹു. ആന്റണി മേനാച്ചേരി സി.എം.ഐ. അച്ചനും സഹകാർമ്മികരായിരുന്നു.

സുവിശേഷ വായനക്ക്ശേഷം അച്ചന്റെ കുടുംബാംഗമായ ബഹുമാനപ്പെട്ട വർഗീസ് പുതുശ്ശേരി സി.എം.ഐ. അച്ചൻ, തോമസ് അച്ചനെ സുവിശേഷം മുത്തിച്ചു. അച്ചന്റെ സഹപാഠിയായിരുന്ന ബഹുമാനപ്പെട്ട തോമസ് പൈനാടത്തച്ചനാണ് കുർബാനമദ്ധ്യേ വചന സന്ദേശം നൽകിയത്. ആശുപത്രിയിൽ ചികിത്സയിലായിരുന്ന തോമസ് അച്ചനെ പ്രീസ്റ്റ് ഹോമിലെ എല്ലാവരും പ്രതീക്ഷയോടെ കാത്തിരിക്കുകയായിരുന്നു. അച്ചന്റെ മരണം അപ്രതീക്ഷിതമായിരുന്നു. വൈദികൻ ആകണം എന്നുള്ളത് അച്ചന്റെ ഉറച്ച തീരുമാനമായിരുന്നു എന്നും പ്രാർത്ഥനയിലൂടെയും പരിശീലനത്തിലൂടെയും തോമസച്ചൻ അതിനുവേണ്ടി നിരന്തരം പരിശ്രമിച്ചു എന്നും പൈനാടത്തച്ചൻ അനുസ്മരിച്ചു. ഉറച്ചനിലപാടുകൾ സ്വീകരിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു തോമസച്ചൻ. എല്ലായിടത്തും ഇത് പാലിച്ചിരുന്നു. എല്ലാവരെയും ചേർത്തുപിടിക്കുക എന്നത് അച്ചന്റെ വിശാലമായ മനോഭാവമായിരുന്നു. അച്ചന്റെ മറ്റൊരു പ്രത്യേകത അച്ചൻ സേവനം ചെയ്ത ഇടങ്ങളിൽ പിന്നീട് അനാവശ്യമായി കടന്നുചെല്ലാതിരിക്കാൻ ശ്രദ്ധിച്ചിരുന്നു. അച്ചൻ ഒരിക്കലും പ്രകടനപരമായ സാന്നിധ്യം ഒരിടത്തും നടത്തിയിട്ടില്ല. നിശബ്ദമായി ജോലി ചെയ്യാൻ ആഗ്രഹിച്ചിരുന്ന വ്യക്തിയാണ് അദ്ദേഹം. താൻ ചെയ്യുന്ന പ്രവർത്തനങ്ങൾ മറ്റുള്ളവരെ അറിയിക്കണം എന്ന് ആഗ്രഹിക്കാത്ത വ്യക്തിയായിരുന്നു തോമസച്ചൻ. തന്റെ കൂടെ ജോലി ചെയ്യുന്നവരോട്

വളരെയധികം പരിഗണനയും പാവപ്പെട്ടവരോട് മനസ്സലിവുമുണ്ടായിരുന്ന അച്ചനായിരുന്നു അദ്ദേഹം. വഴിതെറ്റാതെ സത്യത്തിനു സാക്ഷ്യം വഹിക്കണമെന്ന് അച്ചൻ എല്ലാവരെയും പ്രചോദിപ്പിക്കുമായിരുന്നു. വേദനകളിലും കുറവുകളിലും പരാതി ഇല്ലാതിരുന്ന വ്യക്തിയായിരുന്നു അച്ചൻ. അച്ചനിലൂടെ അതിരൂപതയ്ക്ക് ലഭിച്ച നന്മകൾക്ക് നന്ദി പറഞ്ഞു കൊണ്ടാണ് പൈനാടത്തച്ചൻ തന്റെ സന്ദേശം അവസാനിപ്പിച്ചത്.

തോമസ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്ത് മുഖ്യകാർമികത്വം വഹിച്ചത് മേജർ ആർച്ചുബിഷപ്പും അതിരൂപതാ അധ്യക്ഷനുമായ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവാണ്. അഭിവന്ദ്യ മാർ തോമസ് ചക്യത്ത് പിതാവ് സഹകാർമികനായിരുന്നു.ദൈവജനത്തിന്റെ ആത്മീയവും ഭൗതീകവുമായ വളർച്ചക്ക് വേണ്ടി തോമസ് പുതുശ്ശേരി അച്ചൻ ഏറ്റെടുത്ത എല്ലാ ക്ലേശങ്ങളെയും അഭിവന്ദ്യ തട്ടിൽ പിതാവ് നന്ദിയോടെ അനുസ്മരിച്ചു. പ്രിയപ്പെട്ട തോമസച്ചാ, നിലപാടുകളിൽ ഉറച്ചും നിശബ്ദമായ സേവനത്തിലൂടെയും വഴിതെറ്റാതെ സത്യത്തിന് സാക്ഷ്യം വഹിച്ച അങ്ങ് നൽകിയ മാതൃകക്ക് മുന്നിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം.

## റവ. സിസ്റ്റർ ഫാത്തിമ FCC
## എസ്.എച്ച്. പ്രൊവിൻസ്, എറണാകുളം



ജനനം : 05/06/1939
വ്രതവാഗ്ദാനം : 08/05/1961
മരണം : 07/11/2025

# വാർത്തകളും വിശേഷങ്ങളും

## യുവജനങ്ങൾ കൂട്ടായ്മയുടെ സാക്ഷികളാകണം: പാപ്പാ

സ്ലൊവാക്ക്യയിലെ വിശുദ്ധ എലിസബത്തിന്റെ നാമധേയത്തിലുള്ള കോഷിറ്റ്സെ കത്തീഡ്രലിൽ നടന്ന യുവാക്കളുടെ ജൂബിലി ആഘോഷവേളയിൽ പരിശുദ്ധ പിതാവ് വീഡിയോ സന്ദേശം അയക്കുകയും, യുവജനങ്ങളെ അഭിസംബോധന ചെയ്യുകയും ചെയ്തു. വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഇടമായ കത്തീഡ്രലിനു മുൻപിൽ എത്തിച്ചേർന്ന യുവജനങ്ങളെ, താൻ സന്തോഷപൂർവം സ്വാഗതം ചെയ്യുന്നുവെന്ന്, ആമുഖമായി പാപ്പാ പറഞ്ഞു. വിവിധ ഇടങ്ങളിൽ നിന്നും എത്തിയവരാണെങ്കിലും, ഒരേ വിശ്വാസത്താൽ ഐക്യപ്പെട്ടിരിക്കുന്ന യുവജനങ്ങളുടെ സാന്നിധ്യം, ക്രിസ്തുവുമായുള്ള സൗഹൃദം നമ്മുടെ ഹൃദയങ്ങളിൽ സന്നിവേശിപ്പിക്കുന്ന, സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും വ്യക്തമായ അടയാളമാണെന്ന് പാപ്പാ എടുത്തു പറഞ്ഞു. ഭിന്നതകളും, സംശയങ്ങളും അടയാളപ്പെടുത്തിയ ഒരു ലോകത്ത് വിശുദ്ധ കുർബാനയുടെ സാക്ഷികളാകാനും, പാലങ്ങൾ നിർമ്മിക്കുന്നവരും, വിശ്വാസത്തിന്റെ വിത്തുകൾ വിതയ്ക്കുന്നവരുമാകാനുള്ള യേശുവിന്റെ വിളിയെ ഓർമ്മപ്പെടുത്തുകയും, ക്രിസ്ത്യാനികളാണെന്ന് സാക്ഷ്യപ്പെടുത്താനും, ഉത്സാഹത്തോടെ സുവിശേഷത്തിൽ ജീവിക്കാനും, കർത്താവുമായുള്ള കൂടിക്കാഴ്ചയിൽനിന്ന് ലഭിക്കുന്ന സന്തോഷം പങ്കുവയ്ക്കുവാൻ ഭയപ്പെടരുതെന്നും ഉദ്ബോധിപ്പിച്ചു.

നമ്മുടെ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും, നാം ഒരിക്കലും തനിച്ചല്ല, കുട്ടികളെന്ന നിലയിൽ നമ്മെ ദൈവം എല്ലായ്പ്പോഴും സ്നേഹിക്കുകയും, നമ്മോട് ക്ഷമിക്കുകയും നമ്മെ പ്രോത്സാഹിപ്പിക്കുകയും, ചെയ്യുന്നുവെന്നും പാപ്പാ പറഞ്ഞു. ഈ ഉറപ്പ് നമ്മെ സ്വതന്ത്രരാക്കുന്നുവെന്നും, നമ്മുടെ മാനുഷിക നിസ്സംഗതയ്ക്കുമേൽ നമ്മെ ഉയർത്തുന്നുവെന്നും, കൂടുതൽ ഉദാത്തമായ ഹൃദയത്തോടെ സ്നേഹിക്കുവാൻ നമ്മെ പ്രചോദിപ്പിക്കുന്നുവെന്നും പാപ്പാ സന്ദേശത്തിൽ പറഞ്ഞു. ജീവിതത്തിന്റെ സകല മേഖലകളിലേക്കും, ക്രിസ്തുവിന്റെ വെളിച്ചം കൊണ്ടുവരുവാനും പാപ്പാ ആഹ്വാനം ചെയ്തു. തുടർന്ന് പാപ്പാ തന്റെ അപ്പസ്തോലിക ആശീർവാദവും യുവജനങ്ങൾക്ക് നൽകി.

## പൊന്തിഫിക്കൽ ഭവനത്തിനു പുതിയ ഉപാധ്യക്ഷൻ

പരിശുദ്ധ പിതാവിന്റെ പൊതു-സ്വകാര്യ കൂടിക്കാഴ്ചകൾക്ക് നേതൃത്വം നൽകുന്ന പൊന്തിഫിക്കൽ ഭവനത്തിന്റെ (പേപ്പൽ ഹൗസ് ഹോൾഡ്) പുതിയ ഉപാധ്യക്ഷനായി അഗസ്റ്റീനിയൻ വൈദികനും, നൈജീരിയക്കാരനുമായ ഫാ.

എഡ്വേർഡ് ഡാനിയാങ് ദാലെങ്ങിനെ പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ നിയമിച്ചു. അഗസ്റ്റീനിയൻ സഭയുടെ ജനറൽ കൗൺസിൽ അംഗവും, പ്രൊക്കുറേറ്റർ ജനറലുമായി ഫാ. എഡ്വേർഡ് സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1977 ഏപ്രിൽ 4-ന് നൈജീരിയയിലെ ക്വാലയിലെ യിറ്റ്ലാറിൽ ജനിച്ച അദ്ദേഹം 2001 നവംബർ 9-ന് അഗസ്റ്റീനിയൻ സഭയിൽ ചേർന്നു. 2004 നവംബർ 13-ന് വ്രതവാഗ്ദാനം നടത്തി, സന്യാസിയായ അദ്ദേഹം, 2005 സെപ്റ്റംബർ 10-ന് പൗരോഹിത്യം സ്വീകരിച്ചു. 2012 ൽ അൽഫോൻസിയൻ അക്കാദമിയിൽ നിന്ന് ധാർമിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടി. ആഫ്രിക്കൻ ഭൂഖണ്ഡത്തോട് പരിശുദ്ധ പിതാവ് ലിയോ പതിനാലാമനുള്ള അഗാധമായ ബന്ധത്തെക്കുറിച്ച്, മുൻപ്, ഫാ. എഡ്വേർഡ് പങ്കുവച്ചിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളുടെ കാര്യത്തിൽ പാപ്പായ്ക്കുള്ള അതീവ ശ്രദ്ധയെയും അദ്ദേഹം എടുത്തു പറഞ്ഞിട്ടുണ്ട്.

## കാനഡയിൽ ആർച്ചുബിഷപ്പായി ഇന്ത്യൻ വൈദികൻ

കാനഡയിലെ കീവാറ്റിൻ-ലെ പാസിന്റെ പുതിയ മെട്രോപൊളിറ്റൻ ആർച്ചുബിഷപ്പായി ഫാ. സുസായ് ജെസുവിനെ ലിയോ 14-ാമൻ മാർപാപ്പ നിയമിച്ചു. മിഷനറി ഒബ്ലേറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റിൽ അംഗമായ അദ്ദേഹം പ്രൊവിൻഷ്യൽ കൗൺസിലറായും എഡ്മണ്ടൺ മെട്രോപൊളിറ്റൻ അതിരൂപതയിലെ സേക്രഡ് ഹാർട്ട് ഓഫ് ദി ഫസ്റ്റ് പീപ്പിൾസ് ഇടവക വികാരിയായും സേവനമനുഷ്ഠിച്ച് വരികയായിരുന്നു. 1971 മെയ് 17 ന് തമിഴ്നാട്ടിലെ പുഷ്പവനത്തിൽ ജനിച്ച സുസായ് ജെസുവ ബാംഗ്ലൂരിലെ ധർമ്മാരാം വിദ്യാ ക്ഷേത്രത്തിൽ തത്ത്വചിന്തയും അഷ്ടയിലെ ക്രൈസ്റ്റ് പ്രേമാലയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയിൽ ദൈവശാസ്ത്രവും പഠിച്ചു. പിന്നീട് ഒട്ടാവയിലെ സെന്റ് പോൾ യൂണിവേഴ്സിറ്റിയിൽ നിന്ന് പാസ്റ്ററൽ കൗൺസിലിംഗിൽ ബിരുദാനന്തര ബിരുദം നേടി. 2000 ജൂലൈ 27-ന് പൗരോഹിത്യം സ്വീകരിച്ചു.

---



ശാന്തമായ ആ രാത്രിയിൽ
ലോകത്തിനായുള്ള സന്ദേശം പിറന്നു.
വിശ്വാസത്തിന്റെയും എളിമയുടെയും
മനോഹരമായ ഓർമ്മ.

ക്രിസ്മസ് ഒരു ദിവസമല്ല, അത് ഒരു വികാരമാണ്.
മനസ്സിലെ ഇരുളിനെ അകറ്റി പ്രകാശം പരത്തുന്ന നക്ഷത്ര തിളക്കം. മറ്റുള്ളവരുമായി സ്നേഹവും സന്തോഷവും പങ്കുവയ്ക്കാനുള്ള ഏറ്റവും നല്ല സമയം.

**ക്രിസ്മസ് ആശംസകൾ!**

# വിശ്വാസപരിശീലനകേന്ദ്രം

I. **ക്രിസ് സഫാരി**

കാറ്റിക്കിസം ഡിപ്പാർട്ട്മെന്റും *സത്യദീപ*വും ചേർന്ന് കുട്ടികൾക്കായ് 25 ദിവസത്തെ ക്രിസ്മസ് ഒരുക്ക സഹായിയും (പ്രിപ്പറേറ്ററി കലണ്ടർ) വിവിധ മത്സരങ്ങളും ഒരുക്കുന്നു. 25 ദിവസത്തെ ടാസ്ക്കുകൾ പൂർത്തിയാക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 25 കുട്ടികൾക്ക് സ്പെഷ്യൽ ക്രിസ്മസ് ഗിഫ്റ്റുകളും നൽകുന്നതായിരിക്കും.

II. **കാറ്റക്കീസം യൂണിറ്റുക്കൾക്കായുള്ള ക്രിസ്ഫെസ്റ്റ് വീഡിയോ മത്സരം**

എറണാകുളം-അങ്കമാലി അതിരൂപത വിശ്വാസ പരിശീലന വിഭാഗം അതിരൂപതയിലെ എല്ലാ കാറ്റിക്കീസം യൂണിറ്റുക്കൾക്കുമായി നടത്തുന്ന മത്സരമാണിത്. ഓരോ യൂണിറ്റിലും നടത്തുന്ന ക്രിസ്മസ് ആഘോഷങ്ങളുടെ അഞ്ചു മിനിറ്റിൽ കവിയാത്ത ഒരു വീഡിയോ തയ്യാറാക്കി അയക്കുക എന്നതാണ് മത്സരം. പശ്ചാത്തല സംഗീതമായി 2025 ഡിസംബർ 1-ന് കാറ്റിക്കിസം YouTube ചാനലിൽ (catechismernakulam) Upload ചെയ്യുന്ന ക്രിസ്മസ് ഗാനം മാത്രമേ ഉപയോഗിക്കാൻ പാടുള്ളു. ആ ഗാനത്തിന് അനുസൃതമായാണ് വിഷൽസ് കൂട്ടിച്ചേർക്കേണ്ടത്.

വീഡിയോയിൽ കാറ്റിക്കീസം യൂണിറ്റിന്റെ ആഘോഷങ്ങളോടൊപ്പം ഒരു ചെറിയ ക്രിസ്മസ് സന്ദേശവും ചേർത്തിരിക്കണം. മുഴുവൻ വീഡിയോ 5 മിനിറ്റിൽ കവിയരുത്. Full HD (1920x1080) ൽ ആയിരിക്കണം. പൂർത്തിയാക്കിയ വീഡിയോ ഡിസംബർ 23-ാം തീയതിക്ക് മുൻപായി അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ (mediacatecheticalministry@gmail.com) എത്തിക്കുകയോ *mediacatecheticalministry@gmail.com* എന്ന ഇ-മെയിലിലേക്ക് അയച്ചുതരുകയോ ചെയ്യണം.

First Prize: Rs. 3000/- , Second Prize: Rs. 2000/-, Third Prize: Rs. 1000/-

III. **ACTION SONG COMPETITION**

"HOPE" (പ്രത്യാശ) എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപത Catechism Department **Action Song Competition** നടത്തുന്നു. വിഷയത്തോട് അനുയോജ്യമായ പാട്ട് ഈ കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ എഴുതി compose ചെയ്ത് പാടുന്നതിന്റെ Video അയക്കുകയാണ് വേണ്ടത്. Recording നടത്തി അയക്കുന്ന പാട്ടിന്റെ Lyricsഉം Mailലിൽ അയക്കണം.

മലയാളം/ഇംഗ്ളീഷ് ഭാഷകൾ ഉപയോഗിക്കാം. ഒറ്റയ്ക്കൊ ഗ്രൂപ്പായോ പാടാം. Musical Instruments നിർബന്ധമില്ല. Video 7 മിനിറ്റിൽ കവിയരുത്; Full HD (1920x1080) ആയിരിക്കണം; Landscape-ൽ എടുക്കണം; Sound clear ആയിരിക്കണം. ഇടവകയിലെ വിശ്വാസപരിശീലകർ, കുട്ടികൾ, മാതാപിതാക്കൾ, സമർപ്പിതർ, ബ്രദേഴ്സ്, ഇടവകാംഗങ്ങൾ എന്നിവർക്ക് പങ്കെടുക്കാം. വേണമെങ്കിൽ ഇടവകതലത്തിൽ മത്സരം നടത്തി തെരഞ്ഞെടുക്കപ്പെടുന്നവ അതിരൂപതയിലേയ്ക്ക് അയക്കാം. മത്സരം നടത്താത്ത ഇടവകയിൽ നിന്നും വ്യക്തിപരമായ എൻട്രികളും സ്വീകരിക്കുന്നതായിരിക്കും. ഒരു ഇടവകയിൽ നിന്നും നാലിൽ കുടുതൽ എൻട്രികൾ സ്വീകരിക്കുന്നതല്ല. അതിരൂപതയിലേയ്ക്ക് അയക്കുന്ന എൻട്രിയ്ക്ക് വികാരിയച്ചന്റെ അംഗീകാരം ഉണ്ടാകണം. എൻട്രികൾ അയയ്ക്കേണ്ടത് mediacatecheticalministry@gmail.com

തെരഞ്ഞെടുക്കപ്പെടുന്ന എൻട്രികളിൽ ഉചിതമെന്ന് തോന്നുന്നവ Catechism Departmentന്റെ YouTube Channel-ൽ Upload ചെയ്യുന്നതായിരിക്കും.

First Prize: Rs. 3000/- , Second Prize: Rs. 2000/-, Third Prize: Rs. 1000/-

**അയയ്ക്കേണ്ട അവസാന തീയതി: 2025 ഡിസംബർ 8 തിങ്കൾ**

IV. **സന്മാർഗ്ഗബോധന പൊതുപരീക്ഷ 2026 ജനുവരി 09:** 2026 ജനുവരി 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ Std. V, VII, IX, XI വിദ്യാർത്ഥികൾക്കുള്ള പൊതുപരീക്ഷയും ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4.00 മണി വരെ Std. IV, VI, VIII, X, XII വിദ്യാർത്ഥികൾക്കുള്ള പൊതുപരീക്ഷയും നടത്തപ്പെടുന്നതായിരിക്കും. Std. I മുതൽ III വരെയുള്ള ക്ലാസ്സുകളിൽ അതിരൂപതാതലത്തിൽ പൊതുപരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

നമ്മുടെ എല്ലാ സ്കൂളുകളിലും വാർഷിക പരീക്ഷയ്ക്ക് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകളാണ് ഉപയോഗിക്കേണ്ടത്. ഓരോ ക്ലാസ്സിനും നിർദ്ദേശിച്ചിരിക്കുന്ന പാഠപുസ്തകത്തിലെ മുഴുവൻ അദ്ധ്യായങ്ങളും പഠിപ്പിക്കേണ്ടതാണ്. പൊതുപരീക്ഷയിൽ 80%-ന് മുകളിൽ മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ഉത്തരക്കടലാസുകൾ അവരുടെ ലിസ്റ്റ് സഹിതം 2026 ജനുവരി 16-ാം തീയതിക്കു മുമ്പ് ഫൊറോനാ സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്. പ്രസ്തുത പേപ്പറുകൾ അതിരൂപതാതലത്തിൽ പുനഃപരിശോധന നടത്തി 90%-നുമേൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് അതിരൂപതാതലത്തിൽ A+ ഗ്രേഡ് അവാർഡ് നൽകുന്നതായിരിക്കും. 80%-നുമേൽ മാർക്ക് ലഭിക്കുന്നവർക്ക് A ഗ്രേഡ് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. ചോദ്യപേപ്പറുകൾ 2026 ജനുവരി 8-ാം തീയതി ഫൊറോനാ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

IV, VII, X, XII ക്ലാസ്സുകളിലെ കുട്ടികൾക്കായി സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ കെ.സി.ബി.സി. നടത്തുന്നതാണ്. വാർഷിക പരീക്ഷയിൽ ഓരോ സ്കൂളിൽ നിന്നും 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കുട്ടികളാണ്

സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരാവുക. ഇവരുടെ പേരു വിവരം നിശ്ചിത ഫോമിൽ രേഖപ്പെടുത്തി 2026 ജനുവരി 16-നു മുമ്പ് ഫൊറോന സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങളായിരിക്കും. IV, VII ക്ലാസ്സുകളിൽ 50 ചോദ്യവും X, XII ക്ലാസ്സുകളിൽ 60 ചോദ്യവും ഉണ്ടായിരിക്കും. 10 മാർക്കിന്റെ ചോദ്യങ്ങൾ പൊതു ചോദ്യങ്ങളായിരിക്കും.

V. അങ്കമാലി ഫൊറോനയിലെ മാതാപിതാക്കൾക്കുവേണ്ടി ഒക്ടോബർ 28 ചൊവ്വാഴ്ച Digital Parenting: Concerns & Solutions എന്ന വിഷയത്തെക്കുറിച്ച് ഫാ. സാബു തോമസ് കുമ്പുക്കൽ ഓൺലൈൻ ക്ലാസ്സ് നടത്തി.

VI. നവംബർ 4, 5 തീയതികളിൽ കാറ്റക്കിസം അദ്ധ്യാപകർക്കായി Beyond the Screen: Concerns and Solutions for Digital Wellness among Children എന്ന വിഷയത്തിൽ ഫാ. സാബു തോമസ് കുമ്പുക്കൽ ഓൺലൈൻ ക്ലാസ്സ് നടത്തി.

VII. +2 ടീച്ചേഴ്സിനായി നവംബർ 14-ന് ഫാ. സണ്ണി കളപ്പുരയ്ക്കലും നവംബർ 21-ന് ഫാ. ജെയിംസ് തൊട്ടിയിലും 8, 9 പാഠങ്ങളുടെ ഓൺലൈൻ ക്ലാസ്സുകൾ നടത്തി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

---

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## സഹൃദയ വജ്ര ജൂബിലി വർഷ സമാപനം

സഹൃദയ സ്ഥാപിതമായതിന്റെ വജ്ര ജൂബിലി വർഷ സമാപനം റിന്യുവൽ സെന്ററിൽ നവംബർ 25-ന് നടത്തി. മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ബഹു. കേരള ഗവർണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്തു. വജ്രജൂബിലി ഭവന പദ്ധതിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

### അറിയിപ്പുകൾ

| | |
|---|---|
| ഡിസംബർ 03 | വികലാംഗദിനാചരണം - പൊന്നുരുന്നി |
| ഡിസംബർ 19 | ഐ.ടി. സ്കില്ലിംഗ് പരിശീലനം - പത്തനംതിട്ട പ്രകാശധാര സ്കൂളിൽ |
| ഡിസംബർ 22 | ആനിമേറ്റർമാരുടെ ക്രിസ്മസ് സംഗമം - പൊന്നുരുന്നി |
| ഡിസംബർ 23 | സ്റ്റാഫംഗങ്ങളുടെ ക്രിസ്മസ് സംഗമം |

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

## അതിരൂപതാ മദ്യവിരുദ്ധ സമിതി

അതിരൂപത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഡിസംബർ മാസം നടക്കുന്ന മാസധ്യാനത്തിൽ ഫൊറോന ഡയറക്ടർമാരെ തെരഞ്ഞെടുക്കണം. ഫൊറോനാ ഡയറക്ടർമാരുടെ പേര് ഡിസംബർ 15-ന് ശേഷം അതിരൂപത ഡയറക്ടറെ അറിയിക്കണം.

**ഫാ. ടോണി കോട്ടക്കൽ**
**ഡയറക്ടർ**

---

## ഡിപ്പാർട്ട്മെൻറ് ഓഫ് ബൈബിൾ അപ്പോസ്റ്റലേറ്റ്

### ജൂബിലി ലോഗോസ് ക്വിസ് 2025

ജൂബിലി ലോഗോസ് ക്വിസ്സ് സെമി ഫൈനൽ വിജയികളായ എറണാകുളം അങ്കമാലി അതിരൂപത അംഗങ്ങൾ.

B - വിഭാഗം

ആൻ ടോജോ, ലിറ്റിൽ ഫ്ളവർ ചർച്ച് തൃക്കാക്കര

C - വിഭാഗം

1. നിഫി ജി. പോൾ, സെന്റ് ഫ്രാൻസിസ് ചർച്ച് കാക്കനാട്
2. ഡാനി ജോർജ്, സെന്റ് മേരീസ് ചർച്ച് ആലങ്ങാട്
3. സി. ജിസ് മരിയ FSC, സെന്റ് സെബാസ്റ്റ്യൻ ചർച്ച് അശോകപുരം

D - വിഭാഗം

1. ലിസി ബിജു, ഇൻഫന്റ് ജീസസ് ചർച്ച് കാടുകുറ്റി
2. ജൂലി ഷാജി, സെന്റ് ജോസഫ് ചർച്ച് താന്നിപ്പുഴ

E - വിഭാഗം

ലിസി ജെയിംസ്, സെന്റ് ആന്റണീസ് ചർച്ച് കലയത്തുംകുന്ന്

F - വിഭാഗം

ലിസി ജോസ്, സെന്റ് ജോസഫ് ചർച്ച് മാമ്പ്ര

2025 നവംബർ 22, 23 തീയതികളിൽ പാലാരിവട്ടം പി. ഒ. സി. യിൽ നടന്ന ഫൈനൽ മത്സരത്തിൽ F വിഭാഗത്തിൽ നിന്നും രണ്ടാം റാങ്കിന് അർഹയായ ലിസി ജോസിനും, C വിഭാഗത്തിൽ നിന്നും ഒന്നാം റാങ്കിന് അർഹയായി, പ്രതിഭാ മത്സരത്തിൽ പങ്കെടുത്ത് രണ്ടാം സ്ഥാനത്ത് എത്തിയ നിഫി ജെ. പോളിനും പ്രത്യേകം അഭിനന്ദനങ്ങൾ.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

**Study Programs for December 2025**

- Pursue your Master's in Sweden – world class education at an affordable cost.
- Study in Austria – Public universities now open for the 2026 intake.
- Fast track your future with one-year Master's programs in Ireland and the UK.
- New IELTS and NICE (Naipunnya International Communicative English) offline batches commence every Monday this December.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

**December Programs**

- Italian (A1-A2) Offline batch starts December $1^{st}$.
- German (A2) Offline batch starts December $29^{th}$.
- French (A2) Online batch starts December $1^{st}$.
- Spanish (A1) Online batch starts December $1^{st}$.
- Admissions are now open for Civil Service Regular, Sunday, Evening and Foundation batches 2025-2026.
- Civil Service Malayalam Optional classes starting soon.
- For Civil Service Outreach Programs please contact the office.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

**December Programs**

- **UGC NET /JRF** PAPER I & PAPER II –Offline Batch for 2026 JUNE exam. (Admissions now open for December batch).
- **BANK** (IBPS, PO, CLERK, SO) –offline (New batch starts every Monday this December).
- **SSC** (CGL, CHSL, MTS) –offline (New batch starts every Monday this December).

- **CUET (**Common University Entrance Test) Online & Offline regular batches (Admissions are now open for December batch).
- **RAILWAY RECRUITMENT BOARD**
  Graduate level (New batch starts every Monday this December).
  Undergraduate level (New batch starts every Monday this December).
- **C MAT, K-MAT** Offline (Admissions are now open for next exam).
- **IELTS, PTE & COMMUNICATIVE ENGLISH** new Offline & Online batches starts every Monday this December.
- **LAW ENTRANCE** CLAT, KLEE, CUSAT –CAT-LLB (Online) Admissions are now open for December batch.

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

- IELTS, PTE & NICE (Naipunnya International Communicative English) New Offline batches commence every Monday this December. Reserve your seat and get started!

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**Fr. Saje Kannaparamban**
**Director**

# ഫാമിലി അപ്പോസ്തലേറ്റ്

## വിവാഹ ഒരുക്ക ധ്യാനം (MPR)

| | |
|---|---|
| ഡിസംബർ 02-04 (കാലടി) | ജനുവരി 02-04 (കാലടി) |
| ഡിസംബർ 06-08 (കലൂർ) | ജനുവരി 05-07 (കലൂർ) |
| ഡിസംബർ 16-18 (കാലടി) | ജനുവരി 13-15 (കാലടി) |
| ഡിസംബർ 20-22 (കാലടി) | ജനുവരി 20-22 (കാലടി) |
| ഡിസംബർ 27-29 (കലൂർ) | ജനുവരി 26-28 (കലൂർ) |

NB: വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ദമ്പതി ധ്യാനം (Contact Number -8078334522)

ഡിസംബർ 13-15 (20 ദമ്പതികൾക്ക് മാത്രം)

### സൺഷൈൻ ധ്യാനം (Contact Number -8078334522)

ഡിസംബർ 05-07 (20 ദമ്പതികൾക്ക് മാത്രം)

### വിധവാ സെമിനാർ

ഡിസംബർ 03 - ജീവോദയ, ആലുവ

### വിധവാ ധ്യാനം (Contact Number -9400929111)

ഡിസംബർ 26-28

### ദമ്പതി സെമിനാർ

ഡിസംബർ 13 - അയിരൂർ

ഡിസംബർ 27 - ഇടയാഴം

### Teen Fest (കൗമാരപ്രായക്കാർക്കുള്ള ധ്യാനം)

ഡിസംബർ 29 - 31 (13 വയസ്സ് മുതൽ 19 വയസ്സ് വരെ)

### തിരുക്കുടുംബ ദിനം (ഡിസംബർ 28)

ഡിസംബർ 28 തിരുകുടുംബ ദിനമായി ആചരിക്കുന്നു. അന്നേദിവസം ദിവ്യബലിയോടനുബന്ധിച്ച് ഗ്രെയ്സ്റിപ്പിൾസ്-എം.സി.സി ദമ്പതികളുടെ സഹകരണത്തോടെ ജൂബിലേറിയൻ ദമ്പതികളെ ആദരിക്കുന്നത് ഉചിതമായിരിക്കും.

### ദമ്പതി കോൺഫറൻസ് 2025 (മേഖലതലം)

അതിരൂപത കുടുംബപ്രേഷിത കേന്ദ്രം എം.സി.സി ദമ്പതി മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നാല് മേഖലകളിലായി ദമ്പതി കോൺഫറൻസ് നടത്തുന്നു. **'വൈകാരിക സമന്വയം സൗഹൃദ ദാമ്പത്യത്തിന്'** എന്നതാണ് വിഷയം. ഇടവകയിൽ നിന്നും ഏതാനും ദമ്പതികളെയെങ്കിലും ഈ പരിപാടിയിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ!

**നോർത്ത് സോൺ**

| | |
|---|---|
| ഫൊറോനകൾ | - കൊരട്ടി, കറുകുറ്റി, മൂഴിക്കുളം, മൂക്കന്നൂർ |
| തീയതി | **- 2025 ഡിസംബർ 07, ഞായറാഴ്ച** |
| സമയം | - ഉച്ചകഴിഞ്ഞ് 02.30 മുതൽ 06.30 വരെ |
| സ്ഥലം | **- നൈപുണ്യ കോളേജ്, പൊങ്ങം, കൊരട്ടി** |

**സൗത്ത് സോൺ**

| | |
|---|---|
| ഫൊറോനകൾ | - വൈക്കം, ചേർത്തല, പള്ളിപ്പുറം |
| തീയതി | **- 2025 ഡിസംബർ 13, ശനിയാഴ്ച** |
| സമയം | - രാവിലെ 09.00 മുതൽ 01.00 വരെ |
| സ്ഥലം | **- ലിറ്റിൽ ഫ്ളവർ പള്ളി ഓഡിറ്റോറിയം, മണപ്പുറം** |

**സെൻട്രൽ സോൺ**

| | |
|---|---|
| ഫൊറോനകൾ | - എറണാകുളം, ഇടപ്പള്ളി, തൃപ്പൂണിത്തുറ, പറവൂർ, കിഴക്കമ്പലം |
| തീയതി | - **2025 ഡിസംബർ 13, ശനിയാഴ്ച** |
| സമയം | - ഉച്ചകഴിഞ്ഞ് 02.30 മുതൽ 06.30 വരെ |
| സ്ഥലം | - **സെന്റ് ജോർജ് പള്ളി ഓഡിറ്റോറിയം, ഇടപ്പള്ളി** |

**അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ ഇടവകകൾക്കായി നൽകുന്ന പരിപാടികൾ :**

- ഹോം മിഷൻ
- ഇടവക ധ്യാനം
- വിവാഹ വർഷം അനുസരിച്ച് ഗ്രൂപ്പുകളാക്കി ദമ്പതികൾക്ക് ഏകദിന/ അർദ്ധദിന സെമിനാർ
- സ്നേഹജ്വാല മൂന്ന് സായാഹ്നങ്ങളിൽ (30-40 ദമ്പതികൾക്ക് മാത്രമുള്ള ദാമ്പത്യ പരിശീലനം)
- വിധവാ സെമിനാർ ഏകദിന /അർദ്ധദിന സെമിനാർ
- യുവജന, കൗമാരം വ്യക്തിത്വ വികസന സെമിനാർ
- അമ്മമാർക്ക് സെമിനാർ
- പിതാക്കന്മാർക്ക് സെമിനാർ
- മുതിർന്ന പൗരൻമാർക്ക് സെമിനാർ
- ഏകസ്ഥർക്കുള്ള പരിശീലന പരിപാടികൾ

പരിപാടികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാൻ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക:

**ജീവാലയ ഫാമിലി പാർക്ക് (0484-2462607, 8281544111, 8078334522).**

**Web: www.jeevalaya.org, Email : jeevalayafamilypark@gmail.com**

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**നവംബർ 2025**

4 രാവിലെ എറണാകുളം ലിസി മെഡിസിറ്റിയുടെ ചാപ്പൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് വെഞ്ചിരിച്ചു.

അതിരൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്ന 13 ഡീക്കന്മാരുമായി അരമനയിൽ കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം കാലടി ജീവാലയ ഫാമിലി പാർക്കിൽ അതിരൂപതയിലെ ജൂനിയർ വൈദികരുടെ ഓൺഗോയിംഗ് ഫോർമേഷനിൽ പങ്കെടുത്തു.

10 വള്ളുവള്ളി (കൊച്ചാൽ) സെന്റ് ആന്റണീസ് പള്ളിയിൽ, ബഹുമാനപ്പെട്ട തോമസ് പുതുശ്ശേരിയച്ചന്റെ സംസ്കാരശുശ്രൂഷയുടെ അവസാന ഭാഗത്തെ കർമ്മങ്ങൾക്ക് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് കാർമികത്വം വഹിച്ചു.

16 തൃക്കാക്കര എസ്.എച്ച്. മൈനർ സെമിനാരിയിൽ ഒന്നാം വർഷ വിദ്യാർത്ഥികളുടെ പാരന്റ്സ് ഡേ മീറ്റിംഗിൽ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് പങ്കെടുത്തു.

21 പൊങ്ങം നൈപുണ്യ കോളേജിന്റെ അഡ്വൈസറി ബോർഡ് മീറ്റിങ്ങിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് ആലങ്ങാട് സെന്റ് മേരീസ് പള്ളിയിൽ 40 മണി ആരാധനയുടെ സമാപന ശുശ്രൂഷകൾക്ക് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് നേതൃത്വം കൊടുത്തു.

25 കലൂർ റിന്യൂവൽ സെന്ററിൽ നടന്ന എറണാകുളം-അങ്കമാലി അതിരൂപതയുടെ സോഷ്യൽ വെൽഫെയർ വിഭാഗത്തിന്റെ ഡയമണ്ട് ജൂബിലി പൊതുസമ്മേളനത്തിൽ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് ആദ്ധ്യക്ഷ്യം വഹിച്ചു.

അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് കുന്നപ്പിള്ളിശ്ശേരിയിലെ ബസീലിയൻ സിസ്റ്റേഴ്സിന്റെ പുതിയ കോൺവെൻറ് വെഞ്ചരിക്കുകയും സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാന ചടങ്ങിന് നേതൃത്വം നൽകുകയും ചെയ്തു.

26 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് രാവിലെ ആലുവ എഫ്.സി.സി. ജനറലേറ്റിൽ (പോർസ്യുങ്കുള) സന്ന്യാസിനികളുടെ സുവർണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നേരം പുനർനിർമ്മിച്ച കിഴക്കമ്പലം സെന്റ് ആന്റണീസ് ഫൊറോന പള്ളിയുടെ കൂദാശാകർമ്മം നിർവഹിച്ചു.

ചുണങ്ങംവേലി നിവേദിതയിൽ അതിരൂപതയിലെ ജൂനിയർ വൈദികരുടെ ഓൺഗോയിംഗ് ഫോർമേഷനിൽ (രണ്ടാം ബാച്ച്) പങ്കെടുത്തു.

കോതമംഗലത്ത് എം.എസ്.ജെ. സഭയുടെ സുപ്പീരിയർ ജനറാൾ സി. ഫിലോമിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

* * * * *

# AICO
## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗുകൾ**

| | |
|---|---|
| ഡിസംബർ 03 | ഡയറക്ടേഴ്സ് കോൺഫറൻസ് |
| ഡിസംബർ 04 | സെന്റ് ജോസഫ്സ് ട്രസ്റ്റ് ഫോർ വൊക്കേഷണൽ ട്രെയിനിംഗ് |
| ഡിസംബർ 07 | ലിസി മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് |
| ഡിസംബർ 08 | 1. കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി<br>2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ ട്രസ്റ്റ് |

**ഫാ. ആന്റോ ചേരാംതുരുത്തി**
**സിഞ്ചെല്ലൂസ്**

## ദൈവത്തിന്റെ ഇറങ്ങിവരവ്

*ആർച്ച്ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ-ന്റെ ക്രിസ്മസ് സന്ദേശങ്ങളുടെ പ്രധാന ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ള ക്രിസ്മസ് സന്ദേശം.*

**ഉയരത്തിലേക്ക് പോകാനുള്ള വഴി**

സൃഷ്ടിയുടെ ക്രമം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഷീൻ പറയുന്നു, പ്രപഞ്ചത്തിൽ ഒരു നിയമമുണ്ട്: താഴ്ന്ന ഒന്ന് ഉയർന്ന തലത്തിലേക്ക് ഉയർത്തപ്പെടണമെങ്കിൽ, ഉയർന്ന ഒന്ന് താഴ്ന്നതിലേക്ക് ഇറങ്ങിവരണം. മനുഷ്യൻ മൃഗത്തെ ഉപയോഗിക്കുമ്പോഴും, മൃഗം സസ്യത്തെ ഭക്ഷിക്കുമ്പോഴും, സസ്യം രാസവസ്തുക്കളെ വലിച്ചെടുക്കുമ്പോഴും ഈ നിയമം പ്രവർത്തിക്കുന്നു. ഇതുപോലെ, മൃഗങ്ങളെക്കാളും സസ്യങ്ങളെക്കാളും ഉയർന്ന തലത്തിലുള്ള മനുഷ്യൻ, ദൈവം എന്ന ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തണമെങ്കിൽ, ആ ദൈവം മനുഷ്യനിലേക്ക് ഇറങ്ങിവരണം. ഇതാണ് ക്രിസ്മസ്. ദൈവത്തിന്റെ അനന്തമായ സ്നേഹം, മനുഷ്യനെ ഉയർത്താൻ വേണ്ടി, തന്റെ മഹത്വം ഉപേക്ഷിച്ച്, ഒരു കുഞ്ഞായി, ഏറ്റവും താഴ്ന്നതിലേക്ക് ഒരു കാലിത്തൊഴുത്തിലേക്ക് ഇറങ്ങിവരുന്നു.

**പുൽക്കൂട്ടിലെ ശക്തിയും ദുർബലതയും**

ഫുൾട്ടൺ ജെ. ഷീൻ, അന്നത്തെ കാലത്തെ ജനപ്രിയ കഥാപാത്രമായ സൂപ്പർമാനുമായി യേശുവിനെ താരതമ്യം ചെയ്യുന്നുണ്ട്: സൂപ്പർമാൻ: അവൻ

ശക്തിയിൽ നിന്ന് കൂടുതൽ ശക്തിയിലേക്ക് പോകുന്നു. ക്രിസ്തു: അവിടുന്ന് അധികാരത്തിൽ നിന്ന് ദുർബലതയിലേക്ക് വന്നു. പുൽക്കൂട്ടിലെ ഈ ശിശു വെറുമൊരു ധാർമ്മിക പരിഷ്കർത്താവല്ല, വെറുമൊരു അധ്യാപകനല്ല. അവന്റെ കൊച്ചുകൈകൾക്ക് തൊഴുത്തിലെ കന്നുകാലികളുടെ വലിയ തലകളിൽ തൊടാൻ കഴിയുന്നില്ലായിരിക്കാം, എന്നാൽ, അതേസമയം അവൻ സൂര്യനെ നയിക്കുന്നു. ഒരു രാജാവ് ശിശുവായി മാറിയ ഒരേയൊരു ചരിത്ര സംഭവം ഇതാണ്.

### നമ്മുടെ പ്രതികരണം: മറിയത്തിന്റെ 'എനിക്ക് ഭവിക്കട്ടെ'

ദൈവം നമ്മിലേക്ക് ഇറങ്ങിവരാൻ തീരുമാനിച്ചു. പക്ഷേ, നമ്മൾ രാസവസ്തുക്കളോ സസ്യങ്ങളോ മൃഗങ്ങളോ അല്ല. നമുക്ക് സ്വതന്ത്ര ഇച്ഛാശക്തിയുണ്ട്. അതുകൊണ്ട്, ദൈവം നമ്മെ ഉയർത്തണമെങ്കിൽ, നമ്മൾ അതിനോട് പ്രതികരിക്കണം. ഇവിടെയാണ് മറിയത്തിന്റെ മാതൃക നമുക്ക് ലഭിക്കുന്നത്. ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ ക്ഷണത്തിന് മറുപടിയായി, അവൾ തന്റെ സ്വതന്ത്രമായ ഇച്ഛാശക്തിയാൽ പറഞ്ഞു: 'നിന്റെ ഇഷ്ടംപോലെ എനിക്ക് ഭവിക്കട്ടെ' (ലൂക്കാ 1:38).

ക്രിസ്മസ് നമ്മോടും ചോദിക്കുന്നു: 'നിന്റെ ജീവിതത്തിലേക്ക് ദൈവത്തിന് ഇറങ്ങിവരാൻ നീ അനുവദിക്കുമോ?'

ക്രിസ്തു വന്നത് നമ്മെ നല്ല ആളുകൾ ആക്കാൻ മാത്രമല്ല, നമ്മെ പുതിയ മനുഷ്യരാക്കാൻ, നമ്മുടെ സ്വഭാവത്തെ തന്നെ മാറ്റാനാണ്. മറിയം തന്റെ മനുഷ്യസ്വഭാവം ദൈവത്തിന് സമർപ്പിച്ചതുപോലെ, നമ്മുടെ മനുഷ്യസ്വഭാവവും ദൈവത്തിന് സമർപ്പിക്കുമ്പോൾ, അവിടുത്തെ സത്യവും ജ്ഞാനവും നമ്മിൽ നിറഞ്ഞു കവിയാൻ തുടങ്ങുന്നു.

### പുൽക്കൂട്ടിലെ പ്രത്യാശ

തൊഴുത്തിൽ കിടത്തിയ ആ ശിശുവിന്റെ കൂട്ടുകാർ മൃഗങ്ങളായിരുന്നു. ഷീൻ പറയുന്നു, തങ്ങൾ ഒരു 'മൃഗത്തെപ്പോലെയാണ്' അല്ലെങ്കിൽ 'യോഗ്യതയില്ലാത്തവരാണ്' എന്ന് കരുതുന്നവർക്ക് ഇതാണ് ഏറ്റവും വലിയ പ്രത്യാശ: അവന്റെ കൂട്ട് മൃഗങ്ങളായിരുന്നു. നമ്മുടെ കുറവുകളോർത്ത് നമ്മൾ ഒഴിഞ്ഞുമാറേണ്ടതില്ല. ക്രിസ്മസ് ദിനം, യേശുവിനെ സ്വീകരിക്കുക. അവിടുന്ന് നിങ്ങളെ തന്റെ പുത്രന്മാരും പുത്രിമാരുമായി ഉയർത്തും. അതാണ് നമ്മുടെ സമാധാനം, നമ്മുടെ സന്തോഷം, നമ്മുടെ അനുഗൃഹീതമായ ക്രിസ്മസ്!

# വിഷയ സൂചിക 2025


| വിഷയം | ലക്കം | പേജ് |
|---|---|---|
| **മാർപാപ്പയുടെ സന്ദേശങ്ങൾ** | | |
| – ലോക സമാധാനദിനാചരണം | 1 | 5 |
| – നോമ്പുകാല സന്ദേശം | 3 | 5 |
| – ലോക രോഗീദിനസന്ദേശം | 3 | 10 |
| – ദൈവവിളി – ആഗോള പ്രാർത്ഥനാദിനം | 5 | 5 |
| **മൗണ്ട് സെന്റ് തോമസ്, കാക്കനാട്** | | |
| – സിനഡനന്തര സർക്കുലർ | 2 | 5 |
| – Canonical Provision for Archeparchy of Ernakulam-Angamly Mar Joseph Pamplany (Vicar of the Major Archbishop) | 2 | 10 |
| – Decree - Constituting the Special Tribunal | 4 | 5 |
| – സർക്കുലർ – ഫ്രാൻസിസ് മാർപാപ്പയുടെ കബറടക്കം | 5 | 17 |
| – ഇടയലേഖനം: ദുക്റാന തിരുനാൾ-സഭാദിനം | 7 | 5 |
| – സിനഡനന്തര സർക്കുലർ | 9 | 5 |
| – സർക്കുലർ – സമുദായ ശാക്തീകരണവർഷം | 10 | 5 |
| – സർക്കുലർ – മരിയഭക്തിക്കൊരു മാർഗരേഖ | 12 | 8 |
| **കെ.സി.ബി.സി. സർക്കുലർ/സന്ദേശം (പി.ഒ.സി.)** | | |
| – തിരുബാലസഖ്യദിനം | 2 | 20 |
| – മദ്യ-ലഹരി വിരുദ്ധ ഞായർ | 3 | 21 |
| – മെയ്ദിന സന്ദേശം | 5 | 11 |
| – പരിഷ്കരിച്ച പി.ഒ.സി. ബൈബിൾ | 7 | 15 |
| – യുവജനദിനം | 7 | 17 |
| – തടവറ പ്രേഷിതഞായർ | 8 | 9 |
| – ജസ്റ്റിസ് സൺഡേ | 8 | 12 |
| – മഹാജൂബിലി സമാപനം | 10 | 10 |
| **സർക്കുലർ/സന്ദേശം (അതിരൂപത)** | | |
| – സർക്കുലർ: 01/2025 – മാർ ബോസ്കോ പുത്തൂർ– രാജി | 2 | 17 |
| – സർക്കുലർ: 02/2025 – ഏകീകൃത വിശുദ്ധ കുർബാന | 3 | 15 |
| – സർക്കുലർ: 03/2025 – ഏകീകൃത വിശുദ്ധ കുർബാന | 7 | 11 |

- സർക്കുലർ: 04/2025 – അതിരൂപതാ ദൈവവിളിദിനം 8 5
- സർക്കുലർ: 05/2025 – ക്രിസ്മസ് സന്ദേശം 12 5

**METROPOLITAN TRIBUNAL:** 3 37

**കച്ചേരിക്കാര്യം:** 1 (15), 2 (25), 3 (27), 4 (7), 5 (18), 6 (5), 7 (23), 8 (15), 9 (13), 10 (17), 11 (5), 12 (12)

- **TRANSFERS / APPOINTMENTS:** 2 (29), 3 (28), 4 (7), 7 (23), 8 (15), 10 (13)
- നവവൈദികർ 2024-25 1 35
- NOTICE - Special Tribunal 1 (16), 2 (30)
- പുതുക്കിയ കുർബാന ധർമ്മം 2 (25), 2 (26), 8 (19), 10 (18)
- കാറോസൂസ – എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി 2 26
- അമ്പത് നോമ്പാചരണം/വിവാഹാശീർവാദം 3 27
- വിശുദ്ധ തൈലം 4 7
- AIM - Archdiocesan Internet Mission 5 19
- വൈദികരുടെ വാർഷികധ്യാനം 6 (6), 7 (25), 8 (20)
- Responsibilities of Pro Protosyncellus/Syncellus 8 15
- വൈദികരുടെ തുടർപരിശീലനം 10 (17), 11 (10), 12 (12)
- കപ്യാർമാരുടെ വേതനവർദ്ധനവ് 10 20
- പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ് 11 5
- വൈദികരുടെ സ്ഥലംമാറ്റതീയതി 11 9
- പൗരോഹിത്യ സ്വീകരണം 12 13

**അറിയിപ്പുകൾ**

- നാമഹേതുക തിരുനാൾ 1 (15), 4 (7), 6 (6)
- ജൂബിലി മംഗളങ്ങൾ 1 (17), 8 (39)
- ചരമവാർഷികം 1 (15), 3 (25-26), 4 (8), 12 (12)
- കച്ചേരി അവധി 4 (7), 7 (25)
- DISMISSAL - Fr. Paul Kanichukattu VC 5 18
- അതിരൂപതാദിനം 6 5
- നന്ദി 6 25
- അഭിനന്ദനങ്ങൾ: ഫാ. ജോഷി പുതുവ 7 25
- വൈദികദിനാഘോഷം (വിയാനി ഡേ) 8 19
- മരിച്ചവരുടെ ഓർമ്മദിനം 9 13
- മുദ്രപത്രങ്ങൾ 9 13
- പ്രീസ്റ്റ്സ് കോൺടാക്റ്റ് ബുക്ക് 9 13
- Meeting Sessions 11 9

- EKAM Connect, Priests' ID Card 11 9
- ദേവാലയശുശ്രൂഷികളുടെ ധ്യാനം 12 13
- ഡയറി 2026 12 14
- പുതിയ ഭാരവാഹികൾ - USMS (Unitas Sisters) 12 14
- എറണാകുളം മിസ്സം - വരിസംഖ്യ 12 14

## **Dept. of Archdiocesan Public Relations** - Press Release

- 2025/01 - എറണാകുളം-അങ്കമാലി അതിരൂപതയിൽ പാസ്റ്ററൽ കൗൺസിൽ നിലവിലില്ല 2 33
- 2025/02 - വൈദികർക്ക് സസ്പെൻഷൻ 2 34
- 2025/03 - തെറ്റിദ്ധാരണ പരത്തുന്ന പ്രസ്താവനകൾ 2 36
- 2025/04 - പ്രസാദഗിരി പള്ളിയിലെ അക്രമം 3 35
- 2025/08 - വൈദികരുടെ നിയമനം - കാനോനിക നടപടി 8 21
- 2025/09 - ഉദയംപേരൂർ സൂനഹദോസ് പള്ളിയിലെ സംഭവവികാസങ്ങൾ 8 21
- 2025/10 - കന്യാസ്തീകളുടെ അറസ്റ്റ് മതേതരത്തിനേറ്റ മുറിവ് 9 14
- 2025/11 - മാർ ജേക്കബ് തൂങ്കുഴി സഭയ്ക്കു പുതുദിശാബോധം പകർന്ന ഇടയശ്രേഷ്ഠൻ 10 28

## ARTICLES

- സീറോമലബാർ സഭയിലെ വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകൃത രീതിയിലേക്കുള്ള പ്രയാണത്തിന്റെ ചരിത്രവഴികൾ - *മാർ ജോസ് പൊരുന്നേടം* 5 34
- Decree of the Dicastery for the Clergy on the discipline of the intentions of the Holy Massess, 13-04-2025 7 29
- ജപമാലപ്രാർത്ഥനയുടെ പ്രാധാന്യം 10 41

**വാർത്തകളും വിശേഷങ്ങളും:** 1 (18), 2 (31), 3 (33), 4 (9), 5 (20), 6 (18), 7 (27), 8 (22), 9 (15), 10 (29), 11 (14), 12 (18)

**പ്രാത്ഥനയിൽ അനുസ്മരിക്കാൻ:** പേജ് 4.

**നിര്യാതരായി:** 1 (19), 2 (39), 3 (29), 4 (8), 5 (22), 6 (15), 7 (26), 8 (20), 9 (12), 10 (23), 11 (11), 12 (15)

- സി. ഫ്ളവറെറ്റ് CMC, സി. ഡിവോഷ്യ CMC 1 (19)
- സി. ഡെക്ലാൻ CMC, സി. അനീറ്റ വടശ്ശേരി SD, സി. അൽബീന മേക്കാട്ട് SD, സി. സിന്ധ്യ MSJ 2 (39)

- **ഫാ. ഫിലിപ്പ് വാഴപ്പറമ്പിൽ** 3 (29), **ഫാ. ആന്റണി ചിറപ്പണത്ത്** 3 (31), സി. നിർമ്മല CSN, സി. സോഫിയ CSN 3 (33)
- സി. ഒസ്സിയ പുന്നശ്ശേരി FCC, സി. സെർവിയ FCC 4 (8)
- സി. അനിത CMC, സി. ആഗ്നസ് പോൾ CMC, സി. ബെറ്റി ജോൺ CMC, സി. ലിസ്സി ജോസഫ് FCC 5 (22)
- **ഫാ. ജോർജ് പുളിക്കലാൻ** 6 (15), സി. ദീപ കരേടൻ SD, സി. സാങ്റ്റ മാപ്പിള്ളശ്ശേരിവലിയവീട് SD, സി. ഫ്രിൻസി CPS 6 (17)
- സി. ജിയോ CMC 7/26
- സി. വിജിലിയ CMC 8/20
- സി. ഫെലിക്സ് കാവുംപുറത്ത് SD 9 (12)
- **ഫാ. മാത്യു മംഗലത്ത്** 10 (23), **ഫാ. ആന്റണി ഊരക്കാടൻ** 10 (25), സി. അമാൻസിയ FCC, 10 (27)
- **ഫാ. വർഗീസ് കട്ടയ്ക്കകത്തൂട്ട്** 11 (11)
- **ഫാ. തോമസ് പുതുശ്ശേരി** 12 (15), സി. ഫാത്തിമ FCC 12 (17)

## AICO - (Archdiocesan Institutions' Central Office)

- 1 (23), 2 (38), 3 (36), 4 (18), 5 (25), 6 (26), 7 (22), 8 (32), 9 (29), 10 (39), 11 (17), 12 (29)

**വൊക്കേഷൻ പ്രൊമോഷൻ:** 12 (14)

**വിശ്വാസ പരിശീലന കേന്ദ്രം:** 1 (20), 2 (40), 3 (38), 4 (13), 5 (23), 6 (20), 7 (36), 8 (25), 9 (17), 10 (32), 11 (19), 12 (20)

**ഫാമിലി അപ്പോസ്റ്റലേറ്റ്:** 1 (24), 2 (42), 3 (40), 4 (17), 5 (26), 6 (23), 7 (40), 8 (27), 9 (19), 10 (33), 11 (27), 12 (25)

**സഹൃദയ (സോഷ്യൽ സർവ്വീസസ്):** 1 (25), 2 (43), 3 (41), 4 (19), 5 (27), 6 (28), 7 (43), 8 (32), 9 (21), 10 (37), 11 (24), 12 (22)

**നൈപുണ്യ ഇന്റർനാഷണൽ:** 1 (30), 2 (47), 3 (44), 4 (22), 5 (31), 6 (32), 7 (48), 8 (30), 9 (23), 10 (35), 11 (25), 12 (24)

**ബൈബിൾ അപ്പോസ്റ്റലേറ്റ്:** 6 (27), 8 (28), 9 (25), 11 (23), 12 (23)

**സി.എൽ.സി.:** 8 (33)

**കെ.സി.എസ്.എൽ:** 11 (31)

**കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി:** 9 (26), 11 (29)

**കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്:** 9 (28), 11 (31)

**അതിരൂപതാ മദ്യവിരുദ്ധ സമിതി:** 12 (23)

**അതിരൂപതാ ഡയറി:** 1 (32), 2 (49), 3 (46), 4 (24), 5 (33), 6 (34), 7 (50), 8 (38), 9 (29), 10 (40), 11 32), 12 (27)

* * * * *


SAHRUDAYA DIAMOND JUBILEE
Celebrations


SAHRUDAYA
DIAMOND JUBILEE MEMORIAL
HOUSING PROJECT
SEBIYOOR - MALAYATTOOR
WELFARE SERVICES ERNAKULAM


SAHRUDAYA
Diamond Jubilee Year
CELEBRATIONS

RNI No. 3421/57
Date of Publication: 01-12-2025
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15
ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.
www.ernakulamarchdiocese.org